**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2580** | **12.03.2020 ൽ മറുപടിയ്ക്ക്**

## കൊട്ടാരക്കര മണ്ഡലത്തിൽ വിമുക്തി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമുക്തി പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | കൊട്ടാരക്കര നിയോജക മണ്ഡത്തിലെ 75 സ്കൂളുകളിലും 10 കോളേജുകളിലും 97 ലൈബ്രറികളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസുകൾ, ഷോർട്ട് ഫിലിം പ്രദർശനം, മാജിക്ക് ഷോ, നാടകം എന്നിവ നടത്തിയിട്ടുമുണ്ട്. കൂടാതെ ബൈക്ക് റാലി, സൈക്കിൾ റാലി, കൂട്ടയോട്ടം, വാക്കത്തോൺ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. 75 സ്കൂളുകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് ലഹരിക്കെതിരെ ബാഡ്ജ് ധരിക്കുകയും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. ലഹരി വിരുദ്ധ സന്ദേശ പ്രചരണാർത്ഥം മേൽ നിയോജക മണ്ഡലത്തിലെ 78 സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും, പ്രധാനപ്പെട്ട 12 സ്ഥലങ്ങളിൽ വിമുക്തി ജ്വാല തെളിയിക്കുകയും ചെയ്തു. ലഹരി വിരുദ്ധ സന്ദേശം എല്ലാ വിഭാഗങ്ങളിലുമുള്ള ആളുകളിൽ എത്തിക്കുന്നതിന്റെ ഭാഗമായി 3 റസിഡന്റ്സ് അസോസിയേഷനുകളുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും 5 SC/ST കോളനികളിൽ |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശ പ്രചരണാർത്ഥം യുവജനങ്ങളെയും പ്രാദേശിക ക്ലബ്ബുകളെയും പങ്കെടുപ്പിച്ചു കൊണ്ട് 26 കബഡി മത്സരവും, 36 ഫുട്ബോൾ മത്സരവും, 14 ക്രിക്കറ്റ് മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് 210 വാർഡുകളിൽ വിമുക്തി സേന രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | 2019 ൽ പ്രസ്തുത മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപത്തുള്ള വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 261 കോട്പാ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസുകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ? | (സി) | പ്രസ്തുത കേസുകളിൽ നിന്നായി 52200/- രൂപ പിഴ ഇനത്തിൽ സർക്കാരിലേക്ക് ഈടാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ